**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** | **26-07-2021 - ൽ മറുപടിയ്ക്ക്**

**കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിനായി കപ്പലുകളുടെ സേവനം ഏതെല്ലാം രീതിയിൽ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ 20% എങ്കിലും കപ്പൽ മാർഗ്ഗം ആക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകു മെന്നതിനാൽ ആയതിനേറ്റവും അനുയോജ്യമായ ബദൽ സംവിധാനം എന്ന നിലയിൽ 2013 ൽ ആരംഭിച്ച തീരദേശ കപ്പൽ ഗതാഗതപദ്ധതി, ഇടയ്ക്കുവച്ച് തടസ്സപ്പെട്ടു. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇത് കൊല്ലത്തേക്ക് നീട്ടുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്ര കണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകി വരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി NATPAC നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കു കൂലിയുടെ 10% ഇൻസെന്റീവായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 'റൗണ്ട് ദ കോസ്റ്റ്' എന്ന പേരിലുള്ള ഷിപ്പിംഗ് ലൈൻ ആണ് ഇപ്പോൾ തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ